ഉത്തരം

(എ) ഉണ്ട്. ഈ വിഷയത്തിൽ ശ്രീമതി വി. ബീന, ശ്രീമതി ആനി മാത്യു എന്നിവർ നൽകിയ ഡബ്ല്യു.പി.സി. നമ്പർ. 28654/10, ഡബ്ല്യു.പി.സി. നമ്പർ. 16078/10 എന്നീ കേസുകൾ ഇപ്പോൾ ബഹുമാനപ്പെട്ട കേരള അഡ്മിനി സ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടി.എ.നമ്പർ. 5727/2012, ടി.എ.നമ്പർ. 7504/2012 എന്നീ നമ്പരുകളിലായി പരിഗണനയിലുണ്ട്.

(ബി) ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതോടനുബന്ധിച്ച് ഒഫ്താൽമിക് അസിസ്റ്റന്റുമാരെ ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് നിയമിച്ചത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസുകളിൽ ടി നിയമനങ്ങൾ പുനഃപരിശോധിക്കുവാൻ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ ഉത്തരവാക്കുകയാണെങ്കിൽ ടി ഉത്തരവിന് വിധേയമായി നിയമനം നടത്തുന്നതാണ്.

കുന്നംകുളം എരുമപ്പെട്ടി സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ

46 (6751) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ ;

(ബി) നിരവധി രോഗികൾ ചികിത്സ തേടിയെത്തുന്ന ഇവിടെ മറ്റ് സി.എച്ച്.സി.-കളിലേതുപോലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പ്രസ്തുത സി.എച്ച്.സി.യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ

47 (6752) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly